'Oh! Liberty! Liberty!, how many crimes are committed in thy name', how many of the noblest have lost their lives through thee, how many societies have been up-rooted by thee, how many countries destroyed through thee! But what is the use of bemourning life: why cry over spilt milk, there is yet time to correct yourself and turn once more to Freedom and to Honour.

The first and the meanest way by which we tread upon these valueless gems "Honour" and "Liberty", is when we go and lick the feet of those whom money or position might have brought to a higher status than us, on whom perhaps our career depends; I mean, when we go "fingering" or 'crowing' other people, who look "great" through the world's eye.

This fingering, this mean way of enslaving ourselves to people of position or wealth, with some aim, perhaps to pass an examination, or perhaps to get some post, it is the spirit that still connects us with the brutes, our ancestors of the old.

By fingering, hero-worship or friendship is not counted. Friendship is sweet, hero-worship fine, but then, why should we go and debase ourselves to those whom we may not consider as friends, in whom we may not see the qualities of a hero.

Not only this: we do ourselves, as well as our prey, greater injuries by this fingering. To finger a person, the way often used by the common people is to go and praise him, which 'if undeserved, is a scandal in disguise', that is, we praise the man and at the same time mock him also.

By this praising, we lose much of our time, uselessly, which may be utilized for greater and nobler works. Why?, even if we have nothing to do, why should we lose our time in such tom-fooleries or gossip, when we have 'Shakespeare ready to converse with us, when Dante is only too glad to show us the sights of heaven, the enjoyments of the dream-land, or the horrors of hell?

Thus, by fingering we lose much of our time which cannot be got back, and at the same time we are acting to our prey in an ungentlemanly way.

But it gives enjoyment for the observer and a good study for the philosopher. Indeed it is interesting to note the different ways used by man to finger another. Gossipping, praising, bribing are the chief means, but a crude observer may find yet another zigzag branch passing in a totally different direction. It is as follows:—

When a person has not enough convenience to finger another, or if the other man resents such fingering, then the former would go and make friends with someome who is loved by the latter, not because he loves him, but because he wishes to take advantage of that to finger the man.

This kind of fingering is the meanest, and we are sure, the man who uses such a method, is the vilest of wretches, the meanest of men, the serpent character in humanity, who should be always kept at a distance.

As civilisation spreads its wings over every nook and corner of this sphere, freedom and honour become more and more dear, the darkness, the debasing phases in the human heart give way to the light of civilisation, and there is uplift for everyone. But, even at this juncture, there are countries in which, though they have an uplift, it is too minute to be noted. There are people even today who are willing to enslave themselves to the rich or the wordly great: who are willing to sell their birthright for a bowl of pottage; who, alas! are tramping on those divine gifts, a prey to utter darkness,—sufficient thoughts perhaps to make ringing in your ear those well known words of Shakespeare; "O, what men dare do! what men may do! what men daily do, not knowing what they do!"

*K. M. George, Class I.*

## A few rambling thoughts about 'Home'.

"The wandering mariner, whose eye explores
The wealthiest isles, the most enchanting shores,
Views not a realm so bountiful and fair as "home"."

Home! what full deep meaning that word conveys of a spot where peace should always present and where true affection should reign supreme. One cannot but agree with the poet who

says that "Be it ever so humble, there's no place like home". Although the wealth of other countries entices us away from them, still after some time our hearts long to go back to our dear ones at home.

Home has a particular attraction for one. It is a treasured word, a beloved theme with poet and bard. It must be so, because it is the most cherished spot in the whole wide world. It is the blossom of which heaven is the fruit, "A world of strife shut out, a world of love shut in". It is the golden setting, in which the brightest jewel is mother, where she reigns supreme as Queen of that hallowed place. In time of trial or of trouble, that word even though it recalls many a memory of disappointment, has still a strange balm in its bitterness for it speaks to our hearts of an unselfishness that survives sorrow, and of a devctedness that defies death.

Home! the very word vibrates in our hearts with the music of a beloved melody. "In every chime, the magnet of the soul, touched by remembrances of home, trembles towards that hole". Who is it that does not long for home?

*A. V. Abraham, Class I.*







Examples of the work of the Photograyhic Club.

# ഈശ്വരൻ എവിടേ?

മന്ത്രങ്ങൾ ഓതുന്നതും സ്തോത്രങ്ങൾ പാടുന്നതും മാലകൾകൊണ്ട് ജപിക്കുന്നതും മതിയാക്കിയാലും!

വാതിലുകൾ അടച്ച് കോവിലിന്റെ ഒരു കോണിൽ ഒററയ്ക്കായി, നിങ്ങൾ ആരെയാണ് ആരാധിക്കുന്നത്? അടച്ചകണ്ണുകൾ മിഴിച്ചുനോക്കു! ആ ഈശ്വരൻ നിങ്ങളുടെ മുമ്പിൽ ഇല്ല!

അദ്ദേഹം ഉള്ളത് ഉഴവുകാരൻ ഉറച്ചമണ്ണ് ഉഴുതിട്ടുന്നിടത്തും, പാതവെട്ടുന്നവൻ പാറ അടിച്ചുടക്കുന്നിടത്തും ആകുന്നു. അവരൊന്നിച്ച് വെയിലിലും മഴയിലും അദ്ദേഹം ഉണ്ട്. അദ്ദേഹത്തിന്റെ ഉടുപ്പുടവയാകട്ടെ പൊടി മൂടിയിരിക്കുന്നു. നിങ്ങളും ഈ പവിത്രവസ്ത്രങ്ങളെ പരിത്യജിച്ച് അദ്ദേഹത്തെപ്പോലെ തന്നെ ഈ ചേറിലും പൊടിയിലും ഇറങ്ങുവിൻ!

മുക്തിയെയാണോ നിങ്ങൾ തേടുന്നത്? ഈ മുക്തി എവിടെനിന്നു കിട്ടും? നമ്മുടെ ഉടയതമ്പുരാൻ പോലും സൃഷ്ടിബന്ധം സന്തോഷത്തോടെ കൈക്കൊണ്ടിരിക്കുന്നു. അതിനാൽ അദ്ദേഹം നമ്മോട് കൂടി എന്നെന്നും ബന്ധിതനാകുന്നു.

അതുകൊണ്ട് ധ്യാനത്തിൽനിന്ന് എഴുന്നേററ് ഈ പുഷ്പങ്ങളും ധൂപങ്ങളും ഉപേക്ഷിച്ചാലും! നിങ്ങളുടെ വസ്ത്രങ്ങൾ ചേറ്നിറഞ്ഞു കീറിപ്പോയാൽ എന്ത് ദോഷമാണ്? അവിടത്തെ നേർക്ക് നേരേനോക്കുവിൻ! വേലചെയ്തും നെററിവിയർത്തും അവിടത്തെ അരികത്ത് നിൽക്കുവിൻ!

(ഗീതാഞ്ജലി)

# സ്വർഗ്ഗം എന്നാൽ എന്ത്.

(തത്വദർശി)

ജീവിതം മഹത്തായ ഒരു പ്രവാഹമാകുന്നു. അത് ഏകരൂപമായി എങ്ങും ഒരു നിത്യചൈതന്യത്തെ പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്നു. അപരിമേയവും അനിരോധ്യവും ആയ ഈ പ്രവാഹത്തെ മായാമോഹിതരായ മനുഷ്യർ തടഞ്ഞുനിർത്തി പലകൈവഴികളാക്കി പിരിച്ചു വിടുവാനാരംഭിക്കുമ്പോൾ ഉണ്ടാകുന്ന ഭയങ്കര സംഘട്ടനമാണ് യുദ്ധം. മനുഷ്യരെ മിഥ്യാബോധത്തിൽ നിന്നും ഉണർത്തുന്നതിന് ഇത് യഥാകാലം സഹാ

യിക്കുന്നതു്. ഏകരൂപമായ ഒന്നിനെ അനേകരൂപമായിക്കരുതി ഖണ്ഡം ഖണ്ഡമായി ഭാഗിക്കുവാനുള്ള ഒരു വാസന മനുഷ്യനിൽ പ്രകൃത്യാ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. ആപൽക്കരമായ ഈ വാസന പ്രബലമായിരിക്കുന്ന കാലത്തോളം യുദ്ധം, കലഹം, മത്സരം, മുതലായവ ലോകരംഗത്തു് നിന്നും മറയുന്നതല്ല. ചുരുക്കിപ്പറഞ്ഞാൽ യുദ്ധം സത്യാസത്യങ്ങളുടെ ഒരു പരസ്പരസമ്മർദ്ദനം മാത്രമാണു്. ജീവിതത്തിൽ അസത്യാംശം കലൎന്നിരിക്കുമ്പോഴും യുദ്ധവും ഉണ്ടായിക്കൊണ്ടിരിക്കും. അതു് മനുഷ്യനെ പ്രബുദ്ധതയിലേക്കു് ആകർഷിക്കയും ചെയ്യും. സമരബുദ്ധി അപൂൎണ്ണതയുടേയും അസ്ഥിരതയുടേയും ലക്ഷണമാകുന്നു. ആഴമില്ലാത്തിടത്തു് ഓളം കൂടുന്നതുപോലെ പൂൎണ്ണതയില്ലാത്തിടത്തു് അസ്വാസ്ഥ്യം വർദ്ധിക്കുന്നു. മനുഷ്യൻ പൂൎണ്ണനാകുന്നതു് കേവലമായ മനുഷ്യത്വത്തിലെത്തുമ്പോഴാണു്. ജാതി, മതം, രാഷ്ട്രം ഇവയുടെ പേരിൽ മഹനീയമായ ഈ മനുഷ്യത്വത്തെ അളന്നു മുറിച്ചു കണക്കു പറവാനാണു് നാം ശ്രമിക്കുന്നതു്. ഈ ശ്രമം നിശ്ശേഷം നിലച്ചെങ്കിൽ മാത്രമെ മനുഷ്യന്റെ യഥാർത്ഥരൂപം തെളിയുകയുള്ളു. ജീവിതവികാസത്തിന്റെ പരമാവധിയായ ഈ ശോഭനസ്ഥാനം പ്രാപിക്കുവാൻ മനുഷ്യൻ വ്യക്തിയേയും സമുദായത്തെയും മാത്രം അതിക്രമിച്ചാൽ പോരാ. അവൻ സാമ്രാജ്യത്തേക്കൂടി അതിലംഘിക്കണം. ഈ പുരോഗമനത്തിനു് ഒരു പ്രേരകമായി പ്രവൎത്തിക്കുന്ന ഒന്നാണു് യുദ്ധം. സാധാരണനിലയിൽ യുദ്ധം മനുഷ്യനു് ഒരു അപമാനം തന്നെയാണു്. അതു് പലപ്പോഴും സത്യത്തെ സംരക്ഷിക്കുവാനല്ലാ കൊലപ്പെടുത്തുവാനാണു് ഉപകരിച്ചിട്ടുള്ളതു്. എന്നാൽ സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള യുദ്ധം ആവശ്യമാകുന്നു. രണാങ്കണത്തിൽ രജ്യാ കരയുന്നു. എന്നാൽ സ്വാതന്ത്ര്യത്തിന്റെ മുമ്പിൽ അതു് പുഞ്ചിരികൊള്ളുന്നു. യുദ്ധം സമാധാനത്തിന്റെ പ്രവേശനദ്വാരമത്രെ.

---

# വിദേശാധിപത്യം.

(ലാലാജി)

വിദേശീയഭരണത്തിനു് അടിമപ്പെട്ടുകിടക്കുന്നതിൽ കവിഞ്ഞ ഒരു കഷ്ടാവസ്ഥ ഒരു രാജ്യത്തിനു് വരാവുന്നതല്ല. ശത്രുരാജാക്കന്മാരുടെ ആക്രമണവും കൊള്ളയിടലും മററും ഈ അടിമത്വത്തേക്കാൾ എത്രയെത്ര ഭേദം! കേവലം ആക്രമണത്തിനു് വരുന്നവൻ ഒരു കൊടുങ്കാററിനെപ്പോലെ രാജ്യമാസകലം ഇളക്കിമറിച്ചു് മുടിക്കുമായിരിക്കാം. എന്നാൽ അവൻ കൊള്ളചെയ്തു മുതലുംകൊണ്ടു് ഒന്നുകിൽ തിരിച്ചുപോകുകയോ അല്ലെങ്കിൽ ഇവിടത്തന്നെ വാസമുറപ്പിച്ചു് കൂട്ടത്തിലൊരുവനായി തീ

ക്കുകയോ ചെയ്യുന്നു. അലക്സാണ്ടർ, മഹമ്മദ്ഗസ്നി, ടൈമൂർ, ചെങ്കിസ്ഖാൻ, നാദർഷാ, അഹമ്മദ്ഷാഅബ്ദാലി, മുതലായവർ ആദ്യത്തെ ഇനത്തിൽപ്പെട്ടവരാണ്. പുറമെ നിന്നു വന്ന് ഒടുവിൽ ഇൻഡ്യാക്കാരായിത്തീർന്ന സിതിയന്മാരും, ഹൂണന്മാരും ഇവിടെ വമ്പിച്ച രാജ്യങ്ങൾ പ്രതിഷ്ഠിച്ച മഹമ്മദ്ഗോറിയും, ബാബറും രണ്ടാമത്തെ ഇനത്തിൽ പെടുന്നു. രണ്ടവസ്ഥയിലും അവമാനവും ധനനാശവും നേരിടുന്നുണ്ടെന്നുള്ളത് വാസ്തവം തന്നെ. പക്ഷെ ആക്രമിക്കുവാൻ വരുന്നവരും ആക്രമിക്കപ്പെടുന്നവരും ഒടുവിൽ ഒന്നായിത്തീരുന്നതിൽ അല്പം ആശ്വാസത്തിന് വഴിയുണ്ട്. ഇരുകൂട്ടർക്കും കാലക്രമേണ രക്തസംബന്ധമുണ്ടാകുന്നു. വർഗ്ഗീയ ഗുണങ്ങളും സംസ്കാരവും അന്യോന്യം കൂടിക്കലരുന്നു. ചുരുക്കത്തിൽ അവർ ഇവിടത്തെ ജനതയിൽ ലയിച്ച് അതുവഴി പൂർവ്വാധികം ശക്തിയും ഉണർവ്വും ഉള്ള ഒരുപുതിയ ജനതയും സംസ്കാരവും ഉത്ഭവിക്കുന്നു. ഇതുകൊണ്ട് രാജ്യത്തിന് നഷ്ടവും ലാഭവും ഉണ്ടാകുന്നുണ്ട്. ഇത്തരം ദുരവസ്ഥകൾ നമുക്ക് സഹിക്കാം. എന്നാൽ ഒരു പരരാജ്യത്തിന്റെ മേൽക്കോയ്മക്ക് കീഴടങ്ങിക്കിടക്കുകയെന്നുള്ളത് ഇതിനേക്കാൾ എത്രയോ ആപൽക്കരമാണ്. അതുകൊണ്ട് വന്നുചേരുന്ന കഷ്ടനഷ്ടങ്ങളും അധഃപതനവും അവമാനവും മേൽ കാണിച്ച രണ്ടവസ്ഥയിൽ പോലും നമുക്ക് ഉണ്ടാകുന്നില്ല. അത്രക്ക് അസഹ്യങ്ങളും ആത്മഘാതകങ്ങളും ആണ് തൻമൂലമുണ്ടാകുന്ന ദോഷങ്ങൾ. രാഷ്ട്റീയമായും സാമ്പത്തികമായും സൈനികമായും ഉള്ള സകല ശക്തികളും നാട്ടുകാർക്ക് വിട്ടുകൊടുക്കാതെ കൈയ്യടക്കം ചെയ്യുന്ന സ്വഭാവമാണ് ഈ മേൽക്കോയ്മക്കുള്ളത്.

---

## ഉഷസ്സന്ധ്യ.

കെ. എൻ. ബാലകൃഷ്ണൻനായർ

ശ്രീതാവിടും സുരനികേതമതിങ്കൽ നിന്നാ
ജാതാദരം ധരയിലിപ്പൊഴതി സ്വരാംഗി
പൂതാ ദയാ ലളിതമോദരം വളർത്തു-
ന്നോതാവുമ പ്രകൃതി താൻ സുജനസ്വഭാവം.

തങ്കാഭകോല്പമരുണൻ ജഡബാധ നീക്കാൻ
ലങ്കാധിനാഥരിപുപോലെ യുദിക്കമെന്നായ്
തൻകാന്ത ശീർഷമിഹ പൊക്കിയ കുക്കുടൌഘാ
വർകാഹളധ്വനി മുഴക്കി ജഗത്തൊടോതി.

ശോകപ്രകർഷ മറിവാനെന്നാത്ത ജീവജാലം
ശോകപ്രഹർഷമവിഭാത സമാഗമത്തിൽ

നാകപ്രതീതിയരുളും ഭുവനം സമീക്ഷി-
ച്ചാകെ പ്രസന്നൻവദനത്തൊടു നിദ്രവിട്ടു ൩

ശുക്രാഖ്യതാരതിലകം സുഷമയ്ക്കൊട്ടും
ശുഭ്രാംബരങ്ങളും നിജമേനിയിലങ്ങുചേർത്തും
ഇക്കാലമൊട്ടു നവജീവിത ഭംഗിയാർന്നാം
നിസ്തൂന്നഷസ്സു ഭുവനൈകമനോഹരാംഗി ൪

പൂമാതിനൊത്ത ശുഭഗാത്രിയെ വാസരേശൻ
പ്രേമാലണച്ചനിശം പുണരാൻകൊതിയ്ക്കെ
ഈ മാന്യകാന്തയുടെ പൂരുവിടം വർണ്ണഭേദാൽ
സാമാന്യമാം നിലവെടിഞ്ഞൊരു രാഗമാർന്നു. ൫

കാലാത്മകന്റെ നിയമപ്പടിവന്നമോദം
ശ്രീലാലസ പ്പുലരിതൻ ഗുണസഞ്ചയങ്ങൾ
ബാലാനിലൻ തഴുകിടും തരുശാഖയോടും
ആലാപമാർന്നിടുവതുണ്ടു വിഹംഗവൃന്ദം ൬

ഈ ലോകബന്ധുവിനു പഞ്ചമകൂജനത്താൽ
കാലോചിതം ഭവികമാകയിലോതിനിൽക്കെ
താലോലമാടിലതയും ഹിമബിന്ദുതൂകി-
ച്ചേലോടുചെയ്വു ശുഭലാജമഹാർച്ചനത്തെ ൭

തങ്കദ്യുതി ജ്വലിതമഞ്ജുളഗാത്രനായി
തൻകാന്തനന്തികമണഞ്ഞതുപാർത്തനേരം
പങ്കത്തിൽ നിന്നപുതുപത്മമൊരു തെളിഞ്ഞിതു;
മങ്കയ്ക്കു തൻപ്രിയ സമാഗമമോദമല്ലോ. ൮

സന്നദ്ധനാകുമരുണന്റെ മഹോദയത്തിൽ
ഖിന്നത്വമാർന്ന ശശിയംബുധിയിൽ പതിച്ചു
മന്നിങ്കലാരറിവതീശപരശാസനം—നാ-
മൗന്നത്യമാർന്നു ഭുവിവാഴ്വതധോഗതിയ്ക്കോ? ൯

ചെന്താമരപ്പൂമണത്തെ ഹരിച്ചുകൊണ്ടി-
ട്ടെപ്പൊഴുതാൽ കേളിഗൃഹമൻപൊടു പൂകിടുമ്പോൾ
മാരുതൻ കരാമ്പുജപരിലാളിതയായ് സ്വകീയം
പെൺതുമ്പലാമ്പലുമ വ്യഥയങ്ങുവളർന്നിടുന്നു. ൧൦

പാലൊത്തിടും കിരണപാളി ചൊരിഞ്ഞചന്ദ്രൻ
കാലപ്പിഴയ്ക്കൊടുതയിങ്കൽ നശിച്ചനേരം

ആലംബമററ നിശചിന്നിയതാരഹാരം
പോലങ്ങുകാണ്മൂകുസുമങ്ങൾ തരുച്ചുവട്ടിൽ ൧൧

സല്ലീലമങ്ങു സുമവാടികൾതോറുമിപ്പോൾ
വല്ലീസമീപമണയും മധുപവ്രജങ്ങൾ
ഫുല്ലപ്രസൂനതതി തൻ മകരന്ദമെല്ലാം
മെല്ലെക്കവൎന്നു വിടരുന്നവിധം മദിപ്പൂ. ൧൨

മന്നിങ്കലീത്തിമിരബാധയൊഴിച്ചിടാനായ്
മിന്നുന്ന ഗോപ്രസരമൊട്ടു ലഭിക്കമൂലം
തന്നംഗശോഭിതദിഗംഗനജാതമോദം
തെന്നൽ ചലേന നെടുവീൎപ്പുകൾ വിട്ടിടുന്നു. ൧൩

ദൈവം പുരാണകഥകൾക്കിടയിങ്കൽ വാസൻ,
ഈ വൻപെഴും മനുജനാണുലകിങ്കലീശൻ;
ഏവം പറഞ്ഞു ചിലമൂഢർ വസിപ്പതോൎത്താ
ഭാവം പകൎന്നു പ്രകൃതീശ്വരിതൻ മുഖാബ്ജം ൧൪

നിത്യം തമോപടലിയിങ്കലുഴന്നമേലും
മൎത്ത്യൎക്കു ഭാസ്കരസമാഗമമേകിഭാഗ്യം
കൃത്യപ്പടിക്കുലകമാകെ മഹസ്സിനായി-
ട്ടത്യന്തഭക്തിയൊടു കൂപ്പുക കൈകൾ നമ്മൾ ൧൫

ഇക്കാഴ്ചയിക്കമര ലോകസുഖത്തെ നൽകും
ചിൽക്കാതലിൻ മഹിമയെന്തുരചെയ്തിടട്ടെ!
ഇക്കാഴ്ചകണ്ടഖിലലോകപിതാവിനെ നാ-
മുൾക്കാമ്പിലോൎത്തിതാനന്ദസുഖം വളൎത്താം. ൧൬

---

## 'ഒരു വനകുസുമം.'

(കെ. ടി. [illegible])

അതിശയമകതാരിൽ ചേൎക്കുവാനെന്നതാട്ടായ്
ക്ഷിതിയിതിലൊരുഭാഗം കാനനാക്രാന്തമായി
തരുനിരയിടതിങ്ങിപ്പൊങ്ങി നില്ക്കുന്നിടത്തായ്
ഒരുചെറുകുസുമത്തിൻ ഗന്ധമോടും ലസിപ്പൂ. ൧

അതിനുടയ സുഗന്ധം കാട്ടിൽ വ്യാപിച്ചുമന്ദം
വിലസിയ പവമാനൻ തന്റെ ബന്ധുതയാൎന്ന്
നിരുപമതനുകാന്തിശ്രീയോടാ കാട്ടിനുള്ളിൽ
നിജവിജയപതാകാമാതിരിപ്പോൾ മോടിയേറി. ൨

കരികരടിതുടങ്ങി കാട്ടുജന്തുക്കളെല്ലാ-
തവിടെ മനുജവാസം പാരമേറ്റോപ്രയാസം
അവിടെയൊരുസുമം കൊണ്ടെന്തുപോൽസാധ്യമീമ-
ട്ടിഹവിധിവികൃതിത്വം ഹന്തകാണിച്ചിടുന്നു. ൩

ചെറുപവനനടിക്കും നേരമക്കാനനത്തിൽ
വളരുമരിയസൂനം ഗന്ധസംഭാവനാർത്ഥം
തെളിവൊടുമടികൂടാതാണു വാഴുന്നതെന്നാ-
കിലുമിതു വിലയില്ലാതായി വല്ലാതെയായി. ൪

പകലിരവിരതേടി കാടുതോറും നടക്കു-
ന്നവകളൊരു വിവേകം ചേരുവോരല്ലനൂനം
അവകളൊരു സുമത്തിൻ ഗന്ധമേറ്റോഗ്രഹിക്കാ-
നതികുതുകമിയന്നോരല്ല പിന്നെന്തുചെയ്യും. ൫

അതിമൃദുലദുകൂലം പോലെഴുംപല്ലവംകൊ-
ണ്ടമലതരവിലാസം മൂടിയക്കാടുതന്നിൽ
തരുനിരയിലൊളിക്കും കേശമാനക്രിരുട്ടാൽ
തവശുഭമതിമാത്രം കാണുവാനിങ്ങശക്യം. ൬

തദനു സുലഭമാകും കാനനശ്രീവിലാസം
തടവിന തവദേഹസ്പർശമേറ്റുള്ള സൌഖ്യം
നിരുപമ പരമാനന്ദാനുഭൂതിക്കു തുല്യം
ധരയിലിഹഭവിക്കുന്നോർക്കു ഭാഗ്യംഭവിപ്പൂ ൭

ഹിമകണമതുദേഹത്തേറ്റു ശുദ്ധിഭവിച്ചു-
ള്ളൊരാനന മുഖപച്ചപ്പട്ടുതങ്ങുന്നില്ലേ
ശിവ! ശിവ! വലകെട്ടി കാട്ടിൽവാഴും ചിലന്തി-
ക്കിതവനിറതുമാംഗം തൊട്ടശുദ്ധം വരുത്തും. ൮

അതികഠിന തമസ്സാർന്നുള്ളൊരല്ലികളിലിന്ദു-
പ്രതിമ ഗഗനമധ്യം തന്നിൽ മിന്നുന്നപോലെ
താരതമതരവൃന്ദംകൊണ്ടിരുണ്ടുള്ള കാട്ടിൽ
നടുവിലതിവിലാസത്തോടു ശോഭിച്ചിടുന്നു. ൯

അനിയമകൃതമാകാ ദൃഷ്ടിയാൽ നിന്റെയാഗം
പ്രതിതവപന ലക്ഷ്മീസുസ്മിതശ്ശോഭയേല്ലോ
കബളിതമധുപങ്ങൾക്കുള്ള സന്താപമെന്നിൽ
സ്വകബളമതുചുട്ടും സൂനമേ ഞാനറപ്പൂ. ൧൦

ഒരു മധുകണമാശിച്ചോടിയെത്തുന്ന വണ്ടിൻ
ഗതി വഴിയിൽ മടക്കിച്ചുരൽമുള്ളിൻ ഗണങ്ങൾ

തവതാരവിഹമൂടിക്കൂടിയിട്ടന്യലോക
ക്കവകൃതിയരുളുന്ന ഭുജ്ഞനപ്രാഭവംപോൽ. ൰൧

കിമപിദിവസമേവം പോകുമപ്പോൾ ജഗത്തിൻ
നിലചെറുതകലുന്നു ജീവിതം നീങ്ങിടുന്നു.
ഇടയതിലപരന്മാർക്കായിനാം നല്ലതെന്തെ
ങ്കിലുമിഹ ചെറുതേകി പോകണം നൂനമേകോം. ൰൨

ക്ഷറവൊരുചെറുതും നീയേശിടാതാസ്ഥമൊട്ടി-
ട്ടുമരുമളു നിനച്ചിട്ടാശയാ ഭൃംഗസംഘം
നികടമതിലണഞ്ഞിട്ടെത്തിനോക്കിട്ടിനങ്ങാം
ശ്ശുപഥമൊട്ടുനയിച്ചോരാണു നീ കാരണത്താൽ. ൰൩

അവിടമുളകഴിഞ്ഞെന്നല്ല നീ നല്ലപോലെ
വികസിത തനുതോടും പൂർണ്ണസൗഭാഗ്യമോടും
ഒരുയുവതികണക്കെ ക്കാമുകക്കാശയത്തിൻ
ച്ചപലതയുളവാക്കി പ്പൂക്കളിൽ രഞ്ജിതയായി. ൰൪

സുരുചിര തവരൂപപ്രൗഢിയാലുള്ള നാരീ
ജനമുടിയിലണഞ്ഞിട്ടെത്ര വാഴുണ്ടെനീയോ
വിലവളരെനശിച്ചിട്ടി ചൊട്ടുകോട്ടിൽവാഴും
നിലയതുനിരൂപിക്കാൻപോലുമേ ശക്യമല്ല. ൰൫

സുകൃതമതുലഭിക്കാം പാദസംസ്പർശനംകൊ-
ണ്ടയിതവവിലയാകിൽ ഈശപാദാരാധനാർത്ഥം
അസുലഭതയാലുള്ളോരുനിൻ ജീവിതംകൊ-
ണ്ടഹാ! ഹാ! ജഗദീശൻ തള്ളിനിന്നൊവനത്തിൽ. ൰൬

അതിരുചിരവപുസ്സാർന്നാകവെ കണ്ണിന്നക-
ണ്ടരിസുഖമരുളുന്നോരണ്ടുനിൻ കൂട്ടുകാരിൽ
അവരൊരു ഗുണമില്ലാതങ്ങു ബാഹ്യപ്പകിട്ടാൽ
ഉലകിതു കപടംകൊണ്ടാണഹോ കേറിനില്പൂ. ൰൭

പുറമതുഗുണമേറും പോലകത്തുംഭവിച്ചാ-
ലസുലഭമതാണെന്നാപ്തവാക്യം സമർത്ഥം,സ-
കലഗുണമൊട്ടിടാത്താ സജ്ജനക്കൂട്ടമവ്വീ
തലമതിലൊരിടത്തും കാണവാനഞ്ഞൊരുക്കാ. ൰൮

അനവരതയിയന്നുള്ളോരു സംസാരദുഃഖം
ചെറുതുമനുഭവിപ്പാനിന്നു ഞാനില്ലയെന്നു
മനമതിൽ നിരൂപിച്ചിസ്സുതപശ്ശക്തിക്കിരിപ്പാം
കൊടിയവനമതിങ്കൽ സന്യസിക്കുന്നുവോ നീ. ൰൯

അപരനയനഗോചരമല്ലാതിക്കൊട്ടുംകാട്ടിൽനിന്നി-
ട്ടുപരമങ്ങുണമില്ലാതാകയാൽ നിൻനിമിത്തം.
വനസുമമിതിലോകർക്കാകവേ പേർവിളിക്കാൻ
തരമൊട്ടതുമേകം നീ ജയിച്ചാലുമേവം. ൧൦

---

## ഒരു വേർപാട്.

(കെ. സി. സഖറിയാ; ക്ലാസ്സ് 2)

സുവർണ്ണനികാശശ കാലജാല-
കരപ്രസൃതപ്രഭയാൽ മനോജ്ഞൻ
ബാലാരുണൻ പൂർവ്വനഭസ്സിലേറ്റം
പ്രശാന്തസൗഭാഗ്യമൊടേറിനിന്നു. ൧

ഇളങ്കിളിക്കാറ്റനവദ്യമാമാ-
മാനന്ദമേകംപടി വീശിടുന്നു
കളരവത്താൽ ചെറുപക്ഷിവൃന്ദം
റാഴ്ത്തുന്നിതോരാൽ പ്രകൃതിപ്രഭാവം. ൨

ചേതസ്സമാകർഷകമായൊരീസു-
പ്രഭാതകാലാമലവേളയിങ്കൽ
മാകന്ദവൃക്ഷച്ചുവടിങ്കലായി
മങ്കക്കൊടിതന്നുലൊരാർത്തിനില്പൂ ൩

ഖാലത്തെഴും മോഹനമായകാഴ്ച
കാണാനണഞ്ഞൗത്സുക ഭാവമോടെ
നിര്യൂന്നതാം കേരളലക്ഷ്മി തന്റെ
സാദൃശ്യമപ്പെണ്മണിയാണ്ടിരുന്നു. ൪

സൗഭാഗ്യസമ്പത്തികളാണൊരാത്ത-
നാവിർഭവിച്ചായവളിം തന്റെമുമ്പിൽ
സന്താപഭാവം പ്രകടീഭവിച്ചും
മുഖത്തൊട്ടും ചേഷ്ടകളൊട്ടുമപ്പോൾ ൫

യുവാവവൻ പുഷ്പവിരം വാടിയേറ്റം
വിളർത്തു വൈവർണ്ണ്യമിയന്നിരുന്നു
പൂന്തിങ്കളിൻ കാന്തികലർന്നൊരെറി
വിയർപ്പുനീരാൽ നനവേറിരുന്നു. ൬

പ്രാണാധിക പ്രേഷ്ഠനിലുത്ഭവിച്ച
താപാതപാത്യാഹതിയേല്പയാലെ
ഭാവം പകൎന്നാനു പരുങ്ങിനിന്നാ-
മൃദ്വംഗിയോട സ്സുകുമാരനോതി:- ൭

"മന്മല്ലികേ! നിൻ പരിശുദ്ധരാഗ-
പ്പൂവാലനല്പന്യ മരന്ദമത്ത
ന്നാസ്വാദനം ചെയ്തു കൃതാൎത്ഥനാകാ-
നാഗ്രഹിച്ചു ഞാനംബരപുഷ്പകാമി. ൮

ത്വൽകൈകളാൽ പാകിയ വിത്തുമെല്ലെ
മുളച്ചുപൊങ്ങാൻ തുനിയുമ്പോഴേയ്ക്കു
പറിച്ചെറിഞ്ഞീശ്വരനോഗ്രദുഗ്ഗ-
ച്ചെന്തീയിൽ നാമായതിനെന്തു ചെയ്‌വൂ. ൯

ബാലേ! മനോജ്ഞാംഗി! മദീയജീവി—
താലംബമേ! ഹാ! ഹതഭാഗ്യനാം ഞാൻ
കാലേയ കാലക്കെട്ടു ധമ്മലോപ-
ത്താലോമലാളെ പ്പിരിയേണ്ടിവന്നു. ൧൦

ത്വല്ലോചനത്തിന്നടിമപ്പെടാതെ-
യയാതിതൻ വാക്കുകൾ കേട്ടിദാനീം
മഹാപരാധാന്വിതനാക്കിയെന്നെ
വധിക്കുവാൻ കല്പന നല്കി മന്നൻ. ൧൧

ചൊല്ലാനൊരാരി ക്കേരളമേദിനിയ്ക്ക
കളങ്കമേററീടുവതിന്നകഷ്ടം!
ആചന്ദ്രതാരത്തെ ച്ചെളിയിൽ ചവിട്ടാൻ
ചെയ്യുന്നു ഭൂപാലകനീവിധത്തിൽ. ൧൨

രാജ്യാധികാരാധിക ദുഷ്പ്രയോഗ-
ത്താലാധിയാമാഴിയിലാണ്ടു പാരം
വലഞ്ഞുവാഴും മമസോദരന്മാ-
രൊട്ടേറെയുണ്ടി ച്ചെറുനാട്ടു തന്നിൽ. ൧൩

പോകട്ടെ പ്രാണേശ്വരി! മദ്വിയോഗ-
മേകട്ടെ മന്നന്നു ചാരിതാൎത്ഥ്യം
ഇക്കൂരിരുട്ടൊക്കെ വെടിഞ്ഞിടാനാ-
യീശൻ വരന്തന്നു കൃതാൎത്ഥനായ്" ഞാൻ. ൧൪

സുനിർമ്മല പ്രേമമണിപ്രദീപ-
പ്രഭാവിലാസം ഗതമാകുലാം
സംസാര കാന്താരതലത്തിലെപ്പോഴ്-
മുള്ളേറ്റു ഞാൻ വേദനയാർന്നതില്ല ൯൫

നാഥന്റെ പൂവാടിയിലുല്ലസിക്കും
താരാക്കിടാങ്ങൾക്കു തളർച്ച തീർപ്പാൻ
മജ്ജീവനിശ്വാസ സമാജ്ജനത്താ-
ലാകാ, മതെന്തിന്നു മുടക്കിടുന്നു! ൯൬

ആകാശതാപിഞ്ഛ വനാന്തരത്തി-
ലാരോഹണം ചെയ്തു നിശാമണാളൻ
ലാത്തിടവേ മാമക സന്നിധാന-
മാനന്ദ സന്ദായകമായിരിക്കും! ൯൭

സച്ചിന്മയൻ വാഴുമിടത്തിലെത്തി
വേഗത്തിൽ ഞാൻ നിർവൃതി നേടിടട്ടെ,
ഇഹോപ ഭോഗാഹതി ബാഹ്യമാമ-
ദ്ദിവ്യപ്രദേശം രമണീയമല്ലോ! ൯൮

മജ്ജീവസർവ്വേശ്വരി! നീ വഹിക്കും
സംശുദ്ധരാഗ പ്രഭയൊന്നതന്നെ
മാർഗ്ഗം തെളിച്ചാ മഹനീയമായ
പുണ്യസ്ഥലത്തെന്നെ നയിച്ചിടട്ടെ. ൯൯

ജഗന്നിയന്താവു കനിഞ്ഞുകാക്ക-
മാരമ്യ ദേശാഗതയായിടുമ്പോൾ
ആരോമലേ! വേർപെട്ടമീ നമുക്ക-
മനന്ത സൌഹാർദ്ദമായ് ഭവിക്കാം. ൱൦

നീലാരവിന്ദാക്ഷി! നിനയ്ക്കിലെത്ര-
നിസ്സാരമേതാദൃശ സംഭവങ്ങൾ
സൌദാമിനീ പല്ലവസാമ്യമാളും
സുഖങ്ങളല്ലാതിവിടത്തിലുണ്ടോ? ൱൧

വിയോഗമാമോരലയാതിരിപ്പാ-
നാത്മസ്വരൂപൻ വരമേകിടട്ടെ!
കാരുണ്യമദ്ദേഹമിയറ്റുവാനായ് ,,
ത്വച്ചേവടിത്താരിണ കൂപ്പിടുന്നേൻ". ൱൨

നാവാടിയില്ലുത്തര മോതുവാന-
പ്പാവത്തിനൊന്നായവളമ്പരന്നു
സംഭ്രാന്തിയാലത്തറമേൽ പതിച്ചാൾ
ഞെട്ടററ വാടാമലരെന്നപോലെ. ൨൩

ഹാ! കഷ്ടമത്യുത്തമരാഗികൾക്ക-
മീവണ്ണമാപത്തു വരുന്നുവെന്നോ
നന്മയ്ക്കു നാകസ്ഥലമായിരിക്കാം
സങ്കേത, മിപ്പാഴ്മരുഭൂമിയല്ല!. ൨൪

---

## സ്വാമി കൌടില്യാനന്ദൻ.

(കെ. ഗോവിന്ദൻ, ക്ലാസ്സ് 2)

വിശ്വവിശ്രുതന്മാരായിത്തീന്നിട്ടുള്ള പല മഹാത്മാക്കളുടേയും ജന്മഭൂമിയാകുന്നു നമ്മുടെ മാതൃഭൂമി. മററു പല വിധത്തിലും പാശ്ചാത്യർ ഇൻഡ്യാക്കാരെ അതിശയിക്കുന്നുണ്ടെങ്കിലും, തത്വചിന്ത മുതലായവയിൽ അവക്കു ജയിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാകുന്നു എന്റെ വിനീതമായ വിശ്വാസം. വിവേകാനന്ദൻ, രാമതീത്ഥൻ മുതലായ പുരുഷരത്നങ്ങൾ അമേരിക്കാ, ഇംഗ്ലണ്ടു, ജപ്പാൻ മുതലായ പല ദേശങ്ങളിലും ഇൻഡ്യാക്കാരുടെ നിസ്സീമവും അതുല്യവുമായ അദ്ധ്യാത്മവിദ്യാസമ്പത്തിന്റെ മഹനീയ ഗുണങ്ങളെ അറിയിച്ചിട്ടുണ്ടു. തദ്വാരാ ഇൻഡ്യാക്കാരെപ്പററി ഒരു ശാശ്വതമായ മതിപ്പിനും കാരണമാക്കിയിട്ടുണ്ടു.

ഹിമവൽസേതുപര്യന്തം അനേകം പ്രസിദ്ധന്മാരായും സുഗ്രഹീതനാമാക്കളായും പല സന്യാസികളും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു എങ്കിലും സ്വാമി കൌടില്യാനന്ദനെപ്പോലെ ഒരു തേജോമൂർത്തിയെ കാണുകയില്ല എന്നു തന്നെയാണു മിക്കവരുടേയും അഭിപ്രായം. കൌടില്യാനന്ദൻ എന്നു കേൾക്കുമ്പോൾ വായനക്കാർക്കു ഒരു അസംതൃപ്തിക്കു ഇടയുണ്ടാവാം. എന്നാൽ അദ്ദേഹത്തിനു ഈ നാമധേയം പവിത്രചരിതനായ അദ്ദേഹത്തിന്റെ ഗുരുവിൽ നിന്നു കിട്ടിയതാകുന്നു. ശിഷ്യനെപ്പററി ഫലിതത്തിനായി അദ്ദേഹം കൌടില്യാനന്ദൻ എന്നു ഒരിക്കൽ പറകയുണ്ടായി. ഗുരുവിന്റെ വക്ത്രഗഹ്വരത്തിൽ നിന്നും പുറപ്പെട്ടതാകകൊണ്ടു അദ്ദേഹം സസന്തോഷം ആ നാമധേയത്തെ സ്വീകരിക്കയും ചെയ്തു. മഹത്തുക്കളുടെ മഹനീയ ഗുണങ്ങളെയാണല്ലോ കണക്കാക്കാറുള്ളതു. അല്ലാതെ അവരുടെ നാമധേയാദികളല്ലല്ലോ? അതിനാൽ

വായനക്കാരെ! പേരു കേട്ടു ഭ്രമിക്കരുതു്. എന്നാൽ എനിക്കു ഇദ്ദേഹത്തെപ്പററി സ്വല്പം പറയാനുള്ളതിനെ ഒട്ടുവിലെങ്കിലും പറയാതെ നിവൃത്തിയില്ല. അദ്ദേഹം എവിടെ! ഞാനെവിടെ!

സർവ്വസംഗപരിത്യാഗികളെന്നു് നടിച്ചു കണ്ണുമുതൽ പാദംവരെ മറയ്ക്കുന്ന കാഷായ നെട്ടംകുപ്പായവും ധരിച്ചു കമണ്ഡലുവും പേറി "ഉദരനിമിത്തം ബഹുകൃതവേഷം" എന്നനിലയിൽ സഞ്ചരിക്കുന്ന ഉദരംഭരികൾ ഈ ഇരുപതാംനൂററാണ്ടിൽ സുലഭമാകുന്നുവെന്നതു് ലോകവിദിതമാണല്ലോ? എന്നാൽ ഇവരുടെ കൂട്ടത്തിലോ ആദ്യംപറഞ്ഞ മഹാത്മാക്കളുടെ കൂട്ടത്തിലോ നമ്മുടെ യോഗീശ്വരനു് സ്ഥാനമില്ല. യാതൊരു പ്രമാണത്തിലും അദ്ദേഹം അടങ്ങുകയില്ല. സ്വഭാവാദികൾ ഇതര യോഗീശ്വരന്മാരിൽനിന്നു വളരെ ഭിന്നമായിരിക്കും എങ്കിലും അദ്ദേഹത്തിനു "അണിമാവു് മഹിമാവു്," മുതലായ അഷ്ടസിദ്ധികളും ഉണ്ടായിരുന്നു എന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. മഹാന്മാരുടെ ഇംഗിതങ്ങൾ അറിവാൻ എളുപ്പമല്ലല്ലോ.

ഉത്തുംഗവും ഉജ്വലവുമായ അദ്ദേഹത്തിന്റെ വദനസരോരുഹത്തെ ശരിയാംവണ്ണം വർണ്ണിക്കേണമെങ്കിൽ, സുപ്രസിദ്ധനായ മഹാകവി മാഘനേയോ മററോ ക്ഷണിക്കേണ്ടിയിരിക്കുന്നു. വിശാലവും നിമ്നവുമായ ഫാലപ്രദേശം, ദീപ്തിമത്തുക്കളായ ലോചനയുഗ്മം, തിലപുഷ്പത്തോടു തുല്യതവഹിക്കുന്ന നാസിക, പുഞ്ചിരി തൂകുമ്പോൾ രണ്ടുചുഴികൾ വീഴുന്ന കപോലസ്ഥലികൾ, മുല്ലമൊട്ടുപോലുള്ള ദന്തങ്ങൾ, വ്യൂഢമായ ഉരസ്സു്, മുതലായവ ഇതരന്മാരിൽനിന്നും വളരെ ശോഭനമായ വിധത്തിൽ ഭിന്നമായിരുന്നു.

ലോകത്തിലെ സകല വസ്തുക്കളിലുംവച്ചു് ഭംഗിയേറിയ ശ്രീനാരദൻ, യാതൊരു സഹായവും കൂടാതെ ഗമനപ്രയാണം ചെയ്തുവെന്നു, ശ്രീഹർഷകവി സാമ്രാട്ടു് നൈഷധത്തിൽ വർണ്ണിച്ചതിനു് ശേഷം അദ്ദേഹം നാരദനെപ്പററി പിന്നീടു ഒന്നുംതന്നെ പ്രസ്താവിച്ചു കേൾക്കുവാൻ ഇടവന്നില്ലല്ലോ എന്നു വിചാരിച്ചു് പണ്ഡിതസാർവഭൗമനായ പി. കെ നാരായണപിള്ള അവർകൾ വ്യസനിക്കുന്നു. ആ കൂട്ടത്തിൽ കൌടില്യാനന്ദനെപ്പററി പല ജനങ്ങളും മൂകരായിരിക്കുന്നല്ലോ എന്നു്.. വിചാരിച്ചു് ഞാനും വ്യസനിക്കുന്നില്ലെന്നില്ല.

അദ്ദേഹത്തെ സംബന്ധിച്ചു് വല്ലതും അറിവാൻ ഇടയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരെ സമീപിക്കയേ നിർവാഹമുള്ളു. "താടിശേഖരനെന്നും" "മുദ്രാനന്ദ"നെന്നും പേരായി അദ്ദേഹത്തിനു രണ്ടു് അന്തേവാസികൾ ഉണ്ടായിരുന്നു. കൌടില്യാനന്ദൻ "സ്വയംഭൂ"വാകുന്നതായ വിധാതാവിന്റെ നിത്യ താഡനത്താൽ ഏററുവന്ന താടിയോടുകൂടിയ ആ മഹേശ്വരൻ പുലമ്പിയതായിട്ടു് ഓർമ്മിക്കുന്നു. എന്നാൽ അദ്ദേ

ഹത്തിന്റെ ആ പ്രസ്താവന സ്വീകരിക്കുന്നതിന് വഴി കാണുന്നില്ല. എന്തുകൊണ്ടെന്നാൽ അപ്രമാണജല്പനത്തിൽ അശേഷം വൈമുഖ്യമുള്ള ആളായിരുന്നില്ല "ഭാട്ടിഭ്രംശൻ." ഉദയാനന്ദനാണെങ്കിലോ അദ്ദേഹം നിരക്ഷരകുക്ഷി. ഒന്നുതന്നെ അദ്ദേഹത്തിന് അറിവില്ല. അത്യഗാധമായ അദ്ദേഹത്തിന്റെ ഉദരഗഹ്വരത്തെ അളക്കുന്നതിന് പ്രപഞ്ചശില്പികൾ ഇതുവരെയും ഒരു മാനദണ്ഡം കണ്ടുപിടിക്കുന്നതിന് സാധിച്ചിട്ടില്ല. കോലാഹലകഠോരനായ അദ്ദേഹത്തിന്റെ വാക്ജാലകോലാഹലം, സർവതന്ത്രസ്വതന്ത്രതയെ വ്യക്തീകരിച്ചിരുന്നു. യാഥാർത്ഥ്യായഥാർത്ഥ്യങ്ങളെപ്പററി ഇവിടെ വിചിന്തനം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മഹൽഗുണങ്ങളുടെ കേദാരമായിരുന്ന അദ്ദേഹമെങ്കിലും അവയെ ഉന്മൂലനം ചെയ്യുവാൻ തക്കവിധം ശക്തിമത്തായ ചില ദോഷങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നുവെന്നുള്ള യഥാർത്ഥവും പ്രസിദ്ധവുമാകുന്നു. "സർവ്വം ബ്രഹ്മമയം" എന്നപോലെ അദ്ദേഹത്തിനുണ്ടായിരുന്നതിനാലാണ് അദ്ദേഹം ചില സമയത്ത് ചില അട്ടഹാസങ്ങൾ പുറപ്പെടുവിക്കാറുണ്ടായിരുന്നതു് എന്ന് ഉദയാനന്ദൻ പറഞ്ഞിട്ടുണ്ട്. എന്നാൽ അതു് 'കപടഹാസ്യം' കൊണ്ട് കഠോരമായിട്ടാണ്, എനിക്ക് തോന്നിയിട്ടുള്ളതു്. സഹൃദയരെല്ലാം ആനന്ദഭരിതരായി കാണുമ്പോൾ തന്റെ ഹൃദയത്തിലുണ്ടാകുന്ന ആനന്ദത്തിന്റെ ബഹിർഗ്ഗമനമാകുന്നപോലും അദ്ദേഹത്തിന്റെ കപടഹാസം. അല്ലെന്നു ഞാൻ പറയുന്നു. എന്തുകൊണ്ടെന്നാൽ സാധാരണയായി സ്നേഹിതന്മാർ തമ്മിൽ ശണ്ഠകൂടുമ്പോളാകുന്നു ഇദ്ദേഹം തന്റെ വക്ത്രകന്ദരത്തിന്റെ കവാടവിപാടനം ചെയ്തു് ദന്തപങ്ക്തികളെ മുഴുവൻ കാട്ടി ഹസിക്കാറുള്ളതു്. ഹൃദയത്തെ അലങ്കരിക്കുന്ന അസൂയയുടെ ബഹിർഗ്ഗമനം ആണെന്നു പറഞ്ഞിരുന്നുവെങ്കിൽ വളരെ യോജിക്കുമായിരുന്നു. സ്വാർത്ഥമായിട്ടു് വല്ലതും സാധിക്കുവാനാണെങ്കിൽ ആ സമയത്തും അദ്ദേഹം അട്ടഹസിച്ചിരുന്നുവെന്നുള്ളതാണ് എന്റെ അഭിപ്രായത്തെ പിൻതാങ്ങുന്നതു്. അദ്ദേഹത്തിന്റെ നാമധേയം തന്നെ, അദ്ദേഹത്തിന്റെ [നാസ്തികൾ] മിക്കവാറും "അനാഥനായി"രിക്കുന്നുവെന്നാ ശരിയായി അറിഞ്ഞിരിക്കുന്ന എനിക്ക്, മററുള്ളവരുടെ അഭിപ്രായം ഏതുവിധവും ഇരിക്കട്ടെ, ഇങ്ങിനെ തോന്നുന്നതു്.

ആ "കല്പ്പകോടാശപാദ്യൂദപ്രദ"ന്റെ ആദ്യം മുതലുള്ള ചരിത്രം "ആധുനികചാണക്യ"നായിത്തീർന്നോ? തിരിഗ്രഹിക്കുക എന്നതു് "ആധുനികചാണക്യ" എന്ന് അഭിമാനിക്കുന്ന നായൻസ്ശാസ്ത്രജ്ഞന്മാർ ച്ചു നേരംപോക്കുന്നവരെന്ന് തപ്പുമാക്കുന്ന ഒന്നാണ്. സ്വഭാവഭേദം ചെയ്തു മനസ്സിലാക്കുന്നതുപോലെ സാധിക്കുന്നതു് മഹത്തായ ഫലമായിരുന്നുവെന്നു മാത്രം അറിയാം.

ഇദ്ദേഹത്തിന്റെ ഗുണാഗുണങ്ങളെ പരീക്ഷണ നിരീക്ഷണങ്ങൾ കൊണ്ട് തോലനം ചെയ്യുന്നതായാൽ അദ്ദേഹത്തിൽ അന്തർലീനങ്ങളായ പല സംഗതികളും വെളിപ്പെട്ടുവരുന്നതാകുന്നു. അദ്ദേഹത്തിന്റെ കർക്കശപ്രവൃത്തികൾ പലതും സൂക്ഷ്മമായ വീക്ഷണം ചെയ്തിട്ടുള്ള അസ്മാദൃശന്മാർക്ക് അദ്ദേഹം ഒരു "യോഗീശ്വരൻ" എന്നു പറയുന്നതുതന്നെ കർണ്ണകഠോരമായി തോന്നാതിരിക്കയില്ല. സത്യവും അദ്ദേഹവും തമ്മിൽ ഗ്രഹാന്തരമുണ്ടായിരുന്നു. സഹപാഠിയായ ഉദയാനന്ദൻ പാണ്ഡിത്യമാകുന്ന "സനാതനവാദ്യം" മുഴക്കുന്നു. "മനുഷ്യരുടെ അന്തരംഗത്തിൽ സദാ സമയത്തും പൊരുതിക്കൊണ്ടിരിക്കുന്ന സദ്വികാരങ്ങളുടേയും, ദുർവികാരങ്ങളുടേയും ആഖ്യായനചരിതം" തന്നെയാകുന്നു ലോകചരിത്രം എന്നതിനു രണ്ടുപക്ഷമില്ല.

അജ്ഞാതകാലത്തു് അദ്ദേഹത്തെ പരാമർശിച്ച് "ഐതിഹാസം" പ്രണീതമായിട്ടുണ്ടായിരുന്നു എന്ന വസ്തുത സന്ദർഭാനുസാരം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ശിവരാത്രിനാൾ അദ്ദേഹത്തെ ആദ്യവാരണപ്പുറത്തുവച്ച് കാണുന്നതിന് എനിക്കിടയായി. ശിവക്ഷേത്രത്തിന്റെ മുൻഭാഗത്തായി തിരുവളപ്പാലത്തിലോ അതോ വേറെ കിഴക്കേവശത്തു് എവിടെയോ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് കഠിനാസനസ്ഥനായി ആ സായാഹ്നത്തിൽ — ഈശ്വരചൈതന്യം പ്രകൃതിയിൽ ഏറ്റവും ഉത്തമമായ നിലയിൽ പ്രതിഫലിക്കുന്ന ആ സമയത്തു് സ്ഥിതിചെയ്യുന്നതു് എനിക്കു കാണുവാൻ ഇടയായി. ശിഷ്യഗണങ്ങളും സമീപത്തുണ്ടായിരുന്നു. നിർവികല്പസമാധിയും കഴിഞ്ഞിരിക്കുന്ന അദ്ദേഹത്തിന് പണ്ഡിതനാകട്ടെ, പാമരനാകട്ടെ, കലജ്ഞനാകട്ടെ, ശ്രുതജ്ഞനാകട്ടെ, ആസ്തികനാകട്ടെ, നാസ്തികനാകട്ടെ, ഉത്കൃഷ്ടനാകട്ടെ, നികൃഷ്ടനാകട്ടെ, ബുഭുക്ഷുവാകട്ടെ, മുമുക്ഷുവാകട്ടെ, ബ്രഹ്മാണ്ഡമാകട്ടെ, പിണ്ഡാണ്ഡമാകട്ടെ, എല്ലാം സമഭാവത്തിൽ തോന്നാതിരിക്കുവാൻ ഇടയില്ല. ഭിന്നരീതിയിലാകുന്നു തോന്നുന്നതു് എങ്കിൽ "കൗടില്യാനന്ദ" വാക്യവൈഭവത്തിന് ഞാൻ ഇവിടെ നമസ്കരിച്ചുകൊള്ളട്ടെ" മനുഷ്യജീവിതം ദുഃഖജനകമായ നാനാത്വത്തിൽനിന്നും ശാന്തിനികേതനമായ ഏകത്വത്തിലേക്കുള്ള ഒരു യാത്രയാകുന്നു." കാലചക്രഗതിയോട് തുല്യവേഗത്തിൽ യോഗീശ്വരൻ പദത്രാണാരൂഢനായി തീർത്ഥപ്രയാണം ചെയ്യുന്നു. "ബുദ്ധിമാനിയാം ജ്ഞാനാമൃതം ഉണ്ണവൻ". നിസ്സംഗസുന്ദരവും പ്രശാന്തവുമായ ജീവിതത്തെയാകുന്നു തരണം ചെയ്തിട്ടുള്ളതു്. വായനക്കാരേ! നിർവൈരമാനസരും സദ്ഗുണങ്ങളുടെ പ്രതിബിംബധാരകളുമായ നിങ്ങളോട് വന്ദനം പറഞ്ഞുകൊണ്ട് ഉപസംഹരിച്ചുകൊള്ളുന്നു.

# അന്നത്തെ പൂർണ്ണേന്ദു.

(മഞ്ജരി)

(പി. കെ. ചാത്തുക്കുട്ടിമേനോൻ.)

നിത്യമോരോരോ ഭാഗം വർദ്ധിച്ചു വർദ്ധിച്ചു
പത്തുമൊരഞ്ചും ദിനങ്ങളാലെ
ചൊവ്വാരിഷ്ടെല്ലാമകന്നിതാ പൂർണ്ണേന്ദു
ലീലയായ് പൂർവ്വാദ്രി തന്നിടയിൽ
കൂടിതാ പുഞ്ചിരിതൂകിയുംകൊണ്ടിപ്പോൾ
പാടുന്നു! പാടുന്നു! വാനിലേയ്ക്കായ്
കാകന്മാരുള്ളാരവാനാം ജനനിതൻ
മാറാകെ താരഗണങ്ങളാലെ
വിണ്ണിലെ ശില്പിമാർ തീർത്തുള്ള ഹാരങ്ങ-
ളെണ്ണത്തിലദ്ദേവി ചാർത്തിനിൽപ്പൂ.
തങ്കത്തെ വെൺമകൾക്കിടാവിന്റെ
പുഞ്ചിരി കണ്ടുമനമലിഞ്ഞു
അദ്ദേവി വാരിയെടുത്തു തൻ ഗാത്രത്തിനെ
മാറോടണച്ചു മുകരുന്നിതാ.
സൌഖ്യമിതത്രയും ദുഃഖനികേതനം
തന്നിലേയ്ക്കൂവാനായി വെച്ചു
കോണിയൊന്നാണെങ്കിൽ നാമിപ്പോൾ കണ്ടേനെ
കാഴ്ച തൻ ഭാവിയെയൊന്നു നോക്കാം
ആകവേ മൂകമായ് ലോകമെല്ലാം, പിന്നെ
വാനിലേയ്ക്കൊന്നു ഞാൻ വീക്ഷിച്ചപ്പോൾ
സന്തുഷ്ടമാം വാനിലെ പൊൻതിങ്കൾ തന്നെയി-
ന്നയ്യോ! ശ്ശോ! ആരോ മറച്ചിടുന്നു.
എന്തൊരു സങ്കടം! ആരോയിതൌദ്ധത്യം
നിർദ്ദയം വന്നു ഗ്രസിക്കുന്നിതാ
ഇന്ദുവേ മുക്കാലും തിന്നാ ദുർവൃത്താ
വാനമൊന്നാകെ കറുത്തുകഷ്ടം!
കണ്ടില്ലെ! കണ്ടില്ലെ! കണ്ടോ കടക്കണ്ണു
കണ്ടിതമാന്റെ കൊണ്ടോ ക്രൂരനാം,
നമ്മുടെ സ്വന്തത്തിനെ വാനിൽ താൻ വിട്ടവൻ
ചെമ്മെ പോയെങ്ങോ മറഞ്ഞു ശീഘ്രം

കേളിയാർന്ന പെരിയാറു, ഓട്ടും
കേളിയും, കുളിരിയന്ന വാതവും,
ധൂളിക കതിർ പൊഴിക്കുമേറ്റവും ൧
കേ,ളിവനാധികമേകിടുന്നാഴൽ.

ഭക്ഷണത്തിൽ രുചിയും കുറഞ്ഞു,തോ-
ന്ന,ക്ഷണം ഭവതി! നിന്നെ വിട്ടതിൽ;
ശിക്ഷണയിൽ രസമഹോ! നശിച്ചു; രാ- ൨
വ,ക്ഷയുഗമടയാറുമില്ലെടോ!

നീ കനിഞ്ഞരികിലില്ലയെങ്കിലോ,
നാകവും നരകമായ്മാറിടും ശുഭേ!;
ശോകവാരിധിയിലാണ്ടുപോകിലും ൩
നിൻകടാക്ഷമതുതന്നെ, രക്ഷയാം.

ഓർക്കുവിൻ, സകല ഭാഗധേയമേ!
ആർക്കുമില്ല ചിരസുഖം ഭൂമിയിൽ;
നേർക്കുവന്ന പദവിത്തു, മേൽ, സ്വഭാ ൪
വോർക്ക, ഗിരീശനതി ഭക്തവത്സലൻ.

പ്രേമമായ മണിനൗകയേറി, മേൽ
വാമ ജീവിതമഹാർണ്ണവത്തിൽ, നാം ൫
ധാമമാ, മനിശ്ശനോരു, ഭാവുക-
സ്തോമമോടു വിഹരിച്ചിടാം ശുഭേ!

ലോകാവലി പൃമണിതൻ കതിരാൽ കട്ടത-
ബോകാധിവാസ മതങ്ങ്ര,-മലർവാടിയാക്കി
ങ്ങുകാമസെവ്വവ്യ സ്വമമാകിട, മാന്യരാഗ-
മേകാൻ തൊഴുന്ന സതതം പരമാത്മശാന്ത്യ.

---

## തിരൈത്തുപ്പു മണ്ഡലത്തിലെ പോരാട്ടം.

(കെ. കെ. ജോപ്പ് ജോസ് 1)

ഭാരതത്തിലെ പൂങ്കാവനം എന്ന് ആരാലും സമ്മതിക്കപ്പെട്ടവരുന്ന വഞ്ചിരാജ്യത്തിൽ 'ആശ്ചര്യവാരി'മായി പരിലസിക്കുന്ന ആലുവാ ദേശം സകല ഐശ്വര്യങ്ങളെക്കൊണ്ടും പരിപൂർണ്ണമായിട്ടുള്ളതാണല്ലോ. ഈ ഇരുപതാം ശതാബ്ദത്തിൽ അതിന്റെ പ്രഖ്യാതിയെ ചിഹ്നനിദേവി

പ്പിച്ചിട്ടുള്ളതു്, അതിന്റെ ലലാടമാകുന്ന ആലങ്ങാട്ടുകുന്നിൽ കനകതിലകമായി അണിഞ്ഞിട്ടുള്ള 'കൃസ്ത്യൻ ഐക്യ കലാലയ'മാകുന്നു. ഈ ആലയത്തിലെ ഒരംഗമായി ഞാൻ ഭവിച്ചപ്പോൾ എന്റെ ഭാസുരമായ ഭാവിയെ പ്രത്യോദിപ്പിക്കുവാനുള്ള കതിരവൻ ഉദിച്ചുയന്നു എന്ന ബോധം എന്നിൽ ഉണ്ടായി. പ്രഭാതത്തിൽ രക്തവർണ്ണത്തിലുള്ള അരുണകിരണങ്ങൾ വീക്ഷണം ചെയ്യുമ്പോൾ എന്റെ അല്ലലകന്ന ജീവിതമഹാത്മ്യത്തെപ്പറ്റി എനിയ്ക്കു് ഉൾബോധം ഉണ്ടാകുക സാധാരണമായിരുന്നു. യഥാവിധി ചൊല്ലയെല്ലാമൊഴിഞ്ഞു വല്ലായ്മയൊന്നുമറിയാതെ ഉല്ലാസമോടെ ഞാൻ ദിവസങ്ങൾ കഴിച്ചുകൂട്ടി.

“ഉഷ്ണകരൻ തൻ കരങ്ങളാൽ പകകൂടാതെ ചൂടണയ്ക്കു”വാൻ തുടങ്ങി. ഹിമശ്രീ പകർന്നതായ തണുപ്പൊന്നടങ്ങി. പക്ഷിമൃഗാദികൾ തണലന്വേഷിച്ചു് പോയിത്തുടങ്ങി. 'ടാഗോർ' ഹൊസ്റ്റലിലെ 'കോമൺ റൂമിൽ', ഓരോരുത്തർ പത്രപാരായണത്തിനു അടുത്തുതുടങ്ങി. തത്സമയം ഒരു കടലാസുകഷണം ചില എഴുത്തുകളോടുകൂടി ഇതാ 'നോട്ടീസു ബോർഡിൽ' കുടുങ്ങി. അതിൽ, ടി ഹൊസ്റ്റലിലെ നിവാസികളുടെ മൈത്രീബന്ധം ദൃഢീകരിക്കുന്നതിനും സരളമായ ജീവിതം കഴിച്ചുകൂട്ടുന്നതിനുമായി ഒരു കമ്മററിയെ താമസിയാതെ തിരഞ്ഞെടുക്കുമെന്നുള്ള വാക്യങ്ങളെ എന്റെ നയനങ്ങൾ വ്യക്തമായി കണ്ടു. അടുത്ത നിമിഷം മുതൽ “ആ കമ്മററിയിലെ സിക്രട്ടറി സ്ഥാനത്തിനുവേണ്ടി സ്ഥാനാർത്ഥിയായി നിൽക്കണം” എന്ന സഹപാഠികളുടെ അഭ്യർത്ഥന എന്റെ കർണ്ണപുടങ്ങളിൽ അവിരാമമായി അലച്ചുകൊണ്ടേ ഇരുന്നു. അപേക്ഷയെ ഉപേക്ഷിക്കുക എന്നുള്ളതു വിദ്വാനു് ഭൂഷണമാണോ? മൗനം അവലംബിച്ചു് എനിയ്ക്കു് സമ്മതമാണെന്നു അവരെ അറിയിച്ചു. അനന്തരം ശയനഗൃഹത്തിലേയ്ക്കു ആഗതനായി. ലോകം നിശ്ചഞ്ചലമായി. സമയം ഏഴരനാഴിക രാത്രിയായി. ഞാനൊ ഏകനായ മുറിയിൽ ഇരിപ്പായി. ആ സമയത്തു്, സ്വദേശസ്നേഹിതന്മാരെ ഉദ്യോഗസ്ഥന്മാരാക്കുന്നതിനു ഈശ്വരന്റെ ആജ്ഞയനുസരിച്ചു് സഹപാഠികൾ തെരുതെരെയെന്നു തള്ളിക്കയറുന്ന ആരവം എങ്ങും പ്രതിധ്വനിച്ചു. വീണ്ടും ഒരു നിശ്ശബ്ദത എങ്ങും വ്യാപിച്ചു. തുറന്നു കിടന്നിരുന്ന കപാടത്തിൽക്കൂടി അത്യാശയോടുകൂടി ഞാൻ എന്റെ അക്ഷികളെ അയച്ചപ്പോൾ അതിനൊരു പതനസ്ഥലമായി ഭവിച്ചതു്, മന്ദഹാസംചെയ്തു് എന്നിൽ സൂക്ഷ്മമായി ദൃഷ്ടിപതിച്ചുകൊണ്ടു് നിന്നിരുന്ന എന്റെ ഗുരുവരനെ ആയിരുന്നു. ആ ദീപാവലിയേററു് പ്രശോഭിക്കുന്ന മുഖത്തിൽ നിന്നും സ്ഫുരിച്ചിരുന്ന മന്ദഹാസം കളങ്കമായിട്ടുള്ളതെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ലാ.

“ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ
വരുന്നതെല്ലാമവനെന്നു തോന്നും”

എന്നത് എന്റെ കാര്യത്തിൽ സ്പഷ്ടമായി തെളിഞ്ഞു. സത്യമായും "ഞാൻ തന്നെയാണു സിക്രട്ടറി"യെന്നു ഞാൻ വിചാരിച്ചു. മന്ദഹസിച്ച് മന്ദം മന്ദമായി തന്റെ പാദാരവിന്ദങ്ങളെ എടുത്തുവെച്ചുകൊണ്ട് ആനന്ദതുന്ദിലനായിവന്ന ആ ഉത്തമൻ ഒരു പരസ്യം ഞങ്ങൾക്കായി പതിച്ചു. ദൃഢമായ വിശ്വാസത്തോടുകൂടി ഗാഢമായി ഞാൻ അതിലൊന്നു കണ്ണോടിച്ചു. "ഹാ! വിധിയുടെ കഠിനം നീക്കിവെയ്ക്കാവതാണോ" ഇതാ ഉദ്യോഗവും കരസ്ഥമാക്കിക്കൊണ്ട് ഞങ്ങളുടെ 'ആചാര്യൻ', ജ്ഞാനവൃദ്ധനും, വയോവൃദ്ധനുമായ ആ മഹാത്മാവിന്റെ നാമം നക്ഷത്രങ്ങളെപ്പോലെ തിളങ്ങിക്കാണുന്നു!. ഇങ്ങനെ ആദ്യത്തെ പോരാട്ടത്തിൽ പൂജ്യസ്ഥാനത്തെ ആഗ്രഹിച്ച എനിക്കു പൂജ്യസ്ഥാനം കിട്ടുകയും ചെയ്തു

താരങ്ങൾ ഇരുപത്തെട്ടും തങ്ങളുടെ വാരപ്രേരിയുള്ള ദിവസങ്ങളെ അലങ്കരിച്ച് മറഞ്ഞുകഴിഞ്ഞു. നല്ല ചന്ദ്രികയുള്ള ഒരു ദിവസം രാത്രി. തനിവെളുത്തതായ ഒരു തുണ്ടം കടലാസ്സ് ചില വാചകങ്ങളോടുകൂടി ഇതാ ഞങ്ങളെയെല്ലാം ക്ഷണിക്കുന്നു. അതിൽ, 'വിദ്യാർത്ഥികളുടെ ഒരു സമുദായസമ്മേളനം അത്യാവശ്യമാണെന്നും അതിലേക്കു ഒരു കാര്യദർശിയെ തിരഞ്ഞെടുക്കുന്നതായിരിക്കുമെന്നും." എഴുതിയിരിക്കുന്നതിനെ ഞാൻ മനസ്സിരുത്തി ഒന്നു വായിച്ചു. ആദ്യം നിരാശഭരിതനായി ഭവിച്ചു. എനിക്കു ഈ അവസരം ഒരുണർവ്വ് നൽകി. അപേക്ഷിക്കാതെ തമ്പുരാൻ അനുഗ്രഹിക്കുക ഇല്ലല്ലോ എന്നോർത്ത് ഈ അവസരത്തിൽ കാര്യദർശിസ്ഥാനലബ്ധിക്കുവേണ്ടി ഒരു സ്ഥാനാർത്ഥിയായി "ചത്താലും പോകയില്ല തിരുവാഴ്ത്താൻ" എന്നു പറഞ്ഞതുപോലെ അവിടെയും എനിക്ക് ഒരു എതിരാളിയുണ്ടായി. ദൃഷ്ടിപഥത്തിലും സ്മൃതിപഥത്തിലുമൊന്നായി കണ്ടിട്ടുള്ള സർവ്വ രാജ്യങ്ങളെയും ഒററ വിരലിന്മേൽ കറക്കുവാൻ തക്ക ശേഷിയും, ശേമുഷിയും ഉള്ള ഒരു മനുഷ്യപുംഗവനായിരുന്നു എന്റെ എതിരാളിയെന്നു ഞാൻ 'മനസ്സാ, വാചാ, കർമ്മണാ' അറിഞ്ഞിരുന്നില്ല. അവസാനം, കളിക്കാരൻ മൊയ്സ്ലീൻ "കളി നിങ്ങൾക്കു; കാശു ഞങ്ങൾക്കു" എന്നു പറഞ്ഞപോലെ, എന്റെ എതിരാളിക്കു കാര്യസിദ്ധിയും, എനിക്കു ഇച്ഛാഭംഗവും ലാഭമായി.

അണ്ടികളഞ്ഞ അണ്ണാനെപ്പോലെ ഞാൻ കണ്ടിരുന്നപ്പോൾ കണ്ടുനിൽക്കാരായ സ്നേഹിതന്മാരുടെ പരിഹാസമൊഴികൾക്കു ഒരു താളമായി ഭവിച്ചു. എങ്കിലും

"അപേക്ഷയുള്ളോരു ജനത്തിനെല്ലാം
ഉപേക്ഷ കൂടാതെ കൊടുക്കുമീശൻ"

എന്ന തത്വം നല്ലപോലെ പഠനം ചെയ്തിരുന്ന എനിക്കു പരിഹാസങ്ങൾ ധൈര്യവും നല്കുകയാണുണ്ടായത്. കരുണാസമ്പൂർണ്ണനായ ജഗദീശ്വരൻ നിരപരാധിയായ എനിക്കു വീണ്ടും ശരിയായ ഒരവസരം ന

ല്ലി. സുഭഗമായ കലാലയജീവിതകാലത്തു ബാലന്മാർ കേളുവാൻ ചില കാമന്മാരാൽ പ്രബലപ്പെടുത്തീട്ടുള്ള ഒരു നൂതനലീലയാണല്ലോ 'വോളി' (Volley) മാനസികമായും കായികമായും ഒരുപോലെ വിദ്യാർത്ഥികൾക്കു നല്കുന്ന ഈ കലാലയം ഈ നൂതനപ്രസ്ഥാനത്തേയും സ്വാഗതമരുളി സ്വീകരിച്ചിട്ടുണ്ടു്. "നായനില്ലാകളി വട്ടകളി" എന്ന തത്വം നല്ലപോലെ പഠിച്ചിട്ടുള്ള പാഠശാലാധികാരികൾ ഈ ലീലക്കു ഒരു നായകനെ തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചു. "വഴി ഒന്നടഞ്ഞാൽ തുറക്കും മറ്റൊന്നു" എന്നു പറഞ്ഞപോലെ ഈ അവസരം എന്റെ ആഗ്രഹപ്രാപ്തിക്കു ഒരു മാർഗ്ഗമായി ഭവിച്ചു. തദവസരം അതിനു വേണ്ടി പ്രയത്നിച്ചു. ഉത്തമമിത്രങ്ങളെന്നു് മിത്ഥ്യാബോധം നടിച്ചുകൊണ്ടിരുന്ന രണ്ടു സത്തമന്മാരുടെ അത്യുത്സാഹത്താൽ ഞാനൊരു സ്ഥാനാർത്ഥിയായി. "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നതു അക്ഷരംപ്രതി ഈ അവസരത്തിൽ സത്യമായി വെളിപ്പെട്ടു. തിരഞ്ഞെടുപ്പു് കഴിഞ്ഞു.

"ഗമിച്ചീടിന ഭാഗ്യമുള്ള പുരുഷൻ പോകും പ്രദേശങ്ങളിൽ
ചെന്നെത്തുന്ന വിപത്തുമെന്ന വിദുഷാം വാക്കിന്നു ഭോഷ്കാകുമോ"?

ഞങ്ങളുടെ 'സഹായം' പോലും എന്റെ സഹായത്തിനു വന്നില്ലെന്നുള്ള വസ്തുത സാഹസം തന്നെ. തിരഞ്ഞെടുപ്പിൽ എനിക്കു വേണ്ടിവന്ന ജനസംഖ്യ ആദ്യത്തെ അക്കമായ ഒന്നില്ലാത്ത ആയിരമായിരുന്നു. ഇപ്രാവശ്യം എനിക്കു അത്ര പരിഭ്രമം ഒന്നും ഉണ്ടായില്ല. എന്തെന്നാൽ ഈ ചളിയിൽ തന്നെയാണു എന്റെ ഭൂതകാലവും ഞാൻ പയററിട്ടുള്ളതു്. കൂടാതെ, ചുമതല ബോധമില്ലാത്ത ആ രണ്ടു ചപലന്മാരും എന്റെ പരാജയത്തിൽ ഭാഗഭാക്കുകളാണല്ലോ. ഈ വിധത്തിൽ മൂന്നാമത്തെ പോരാട്ടവും "Zero vote" കൊണ്ടു് അലംകൃതമായി.

ദിനങ്ങൾ ഓരോന്നായി കഴിഞ്ഞുകൂടി. വിദ്യാഭ്യാസത്തിന്റെ പരിപൂർണ്ണത നല്കുന്ന ദേശാടനം ആവശ്യമെന്നു ചിലരിൽ കടന്നുകൂടി. "കാര്യം പറഞ്ഞാൽ തിരിഞ്ഞെതിരിക്കണം". എന്നല്ലേ ഒരു പഴമൊഴി. അതുകൊണ്ടു് ഈ അഭിപ്രായത്തെ എവരും പ്രശംസിച്ചു. ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുള്ള ഭാരമായി. "ചുക്കില്ലാതെ കഷായമുണ്ടോ?" ഞാനില്ലാതെ തിരഞ്ഞെടുപ്പുണ്ടോ? ഈ അവസരത്തിലും എന്റെ ശുക്രദശ ഉച്ചസ്ഥാനത്തെ അവലംബിച്ചിട്ടോ മറ്റോ, ആരോ എന്നെ ഒരു ഭാരവാഹിയായി അഭിപ്രായപ്പെട്ടു. "കാച്ചുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കാതെയിരിക്കുമോ? ഇത്ര നാളും പോരാടിയിട്ടും കിട്ടിയ ഫലം ത്രിശേഷിയല്ലേ എന്നു വിചാരിച്ചു് ഞാൻ സ്വമനസ്സാലെ പിൻവലിഞ്ഞു. അന്നു നിന്നിരുന്നെങ്കിൽ ഒരു പക്ഷെ കാര്യം കാണാമായിരുന്നു. ആ അവസരം പാഴാക്കിയതോർക്കുമ്പോൾ ഇപ്പോഴും എന്റെ ഹൃദയം തകരുകയാണു്. എന്നാൽ ഇതു കൊണ്ടു കാര്യം അവസാനിച്ചോ? വേറൊരവസരം എനിക്കു കിട്ടിയതു 'Social"നു കമ്മററിയെ തിരഞ്ഞെടുത്തപ്പോളാണു്. എന്നാൽ ഇതു

അവസരത്തിൽ എന്റെ കഥ കഷ്ടാൽ കഷ്ടതരം തന്നെ. "പട്ടി കുരച്ചാൽ പടി തുറക്കുമോ? ഞാൻ ആശിച്ചാൽ കാര്യം സാധിക്കുമോ?. ആലുവാ മണപ്പുറത്തുവച്ചു കണ്ട പരിചയംപോലും ഓർത്തു, എന്റെ നാമം ഒന്നു പ്രസ്താവിക്കുന്നതിനുപോലും ഒരു സഹൃദയനുണ്ടായിരുന്നില്ല. എന്റെ കഥ ഒററമരത്തിലെ കുരങ്ങനെപ്പോലെയായി. ഞാൻ വിഷണ്ണനായി തലതാഴ്ത്തിയിരിക്കേണ്ടിവന്നു.

ഇനി എനിക്കു പറവാനുള്ളതു് ക്ലാസ്സുകളിലെ തിരഞ്ഞെടുപ്പുകളിൽ ഞാൻ പോരാടിയ ധീരപ്പോരാട്ടങ്ങളെപ്പററിയാണു്. ഒന്നാമതായി ഉണ്ടായതു വേദപാഠക്ലാസ്സിൽ വെച്ചു നടന്നതാണു്. ഞാൻ ഏകാകിയായി ക്ലാസ്സിൽ പ്രവേശിച്ചു. വല്ല പുറവശത്തോ മററോ ചെന്നൊരു ആസനം പിടിച്ചാൽ, കൂടെക്കൂടെയുണ്ടാകുന്ന ഗുരുവിന്റെ ചോദ്യങ്ങളിൽ നിന്നും രക്ഷനേടാം; പോരെങ്കിൽ ശുദ്ധപവനം നന്നാ ശ്വസിക്കയും ചെയ്യാം. എന്നു കരുതി പുറകിലേക്കു ചെന്നു. "എടുത്തല്ലോ കാള പട്ടരുടെ നേരു്" എന്നു പറഞ്ഞ കൂട്ടത്തിൽ ചില കിങ്കരന്മാർ നമ്മളെ അവിടെ നിന്നു പമ്പകടത്തിവിട്ടു. സൊല്ലയില്ലല്ലോ എന്നോർത്തു ഒരാളും ഇല്ലാതെ മുമ്പിൽ കിടന്നിരുന്ന ഒരു വങ്കിന്മേൽ ഞാൻ ആസനസ്ഥനായി. "ഉർവ്വശീ ശാപം ഉപകാരം" എന്നു പറഞ്ഞതുപോലെ അതു നമുക്കു ഗുണമായി ഭവിച്ചു. പക്ഷിക്ക് എറിഞ്ഞു പന്ത്രണ്ടു വീണതുപോലെ ഗുരുഭൂതൻ ക്ലാസ്സിൽ വന്നു് എടുത്ത വാക്കു പറഞ്ഞതു "ക്ലാസ്സിലെ മോണിട്ടർ കെ. കെ. ജെ.........ആകുന്നു" എന്നായിരുന്നു. ഹാ! എന്തൊരു ഭാഗ്യോദയം! ഇങ്ങനെ എതിരാളി ഇല്ലാത്ത പോരാട്ടത്തിലെ ജയഭേരി ഞാൻ മുഴക്കി.

പിന്നീടു ക്ലാസ്സോട്ടുക്കും, കണക്കുക്ലാസ്സിലേക്കു പ്രത്യേകിച്ചും ഓരോ മോണിട്ടറന്മാരെ തിരഞ്ഞെടുത്തു. അതിലൊന്നിലും ഞാൻ സ്ഥാനാർത്ഥിയായും നിന്നു. ഇവയെല്ലാം സാധാരണ ഭവിക്കാറുള്ളതുപോലെ എനിക്കു ലഭിച്ചതു വെറും ശൂന്യം തന്നെ. "കുറുനരികൾക്കു കുഴികളും, ആകാശത്തിലെ പറവകൾക്കു കൂടുകളുമുണ്ടു്. എന്നാലോ മനുഷ്യപുത്രനു് തലചായ്പാൻ ഇടമില്ല" എന്നു ക്രിസ്തീയവേദം ഉദ്ഘോഷിക്കുന്നതുപോലെ എന്റെ എതിരാളികളായി ഭവിച്ച ഓരോരുത്തർക്കും യഥാവിധി ഓരോ സ്ഥാനമാനങ്ങൾ ലഭിക്കുകയും; പാപിയും ബലഹീനനുമായ എനിക്കു നിരാശയിൽ ആണ്ടുപോകുന്നതിനു് ഇടയാകുകയും ചെയ്തു. കാലചക്രഭ്രമണത്തെ വീക്ഷിക്കുക. 'സുഖദുഃഖം മിശ്രമായേ ഭവിപ്പൂ' എന്ന മഹദ്വാക്യം അക്ഷരംപ്രതി അനുഭവപ്പെട്ടല്ലോ. ഈ അവസരങ്ങളിലെല്ലാം 'ഞാനു കലങ്ങിയോ, ഞാനു കലങ്ങില്ല, പാപ്പാ കലങ്ങിയാലുമുണ്ടാ, കേളൻ കലങ്ങുന്നു.?

ഒടുവിലായി, കായികാഭ്യാസത്തിനു് കുട്ടികളെ തരം തിരിച്ചപ്പോൾ ഓരോ തരത്തിനും ഓരോ നായകൻ ആവശ്യമായിവന്നു. ഇ[illegible] ട്ടൊന്നും വേണ്ടിവന്നില്ല. ഹിരണ്യനാട്ടിൽ ചെന്നാൽ ഹിരണ്യായ നമഃ

ല്ലേ ഉള്ളൂ" അവിടെ കായികമായ അഭ്യാസനങ്ങളിൽ നായകത്വമുണ്ടോ അവൻ നായകനായി. ഒരു നിശ്ചിതദൂരം ആദ്യമായി ഓടി ജയിക്കുന്ന ആളെ പേരെയാണ് നായകന്മാരാകുവാൻ നിശ്ചയിച്ചത്. ഞാൻ മാരുതി, ഹനുമാൻ, ഭീമസേനൻ മുതലായവരെ ഭജനതുടങ്ങി. ഒടുവിൽ അവരുടെ പ്രസാദത്താൽ ഞാൻ അഞ്ചാമനായി ജയിച്ചു. ഒരു തരക്കാരുടെ നായകനായി ഭവിച്ചു. ഈവിധം ഒരു വർഷക്കാലങ്ങളോളം ജാതകഫലമോ എന്തോന്നുമാറു ഉദ്യോഗഭ്രമംകൊണ്ട് ഞാൻ പല തിരഞ്ഞെടുപ്പു സമരങ്ങളിലും പങ്കെടുത്തു ധീരധീരം പോരാടി. എൻ്റെകഥ 'Robert Bruce' മഹാരാജാവിനെപ്പോലെ ആറുപ്രാവശ്യവും നിരാശയിലാണ് കലാശിച്ചത്. എന്നിട്ടും ഈർഷ്യുലകനാമനസ്സോടും ധൈര്യമുള്ള വിശ്വാസത്തോടും കൂടി വീണ്ടും വീണ്ടും ഞാൻ പോരാടി. വിജയക്കൊടി എൻ്റെ ശിരസ്സിന് മുകളിൽ മന്ദാനിലനേററു മന്ദം മന്ദം ആടി! എൻ്റെ പോരാട്ടത്തിൽ വിജയം നേടി! ഞാൻ ധന്യരിൽ ധന്യനായി! ഇനി മരമഗതി പ്രാപിച്ചാലെന്താ!!

ശുഭം.